# തൊഴിലാളിപ്പാർട്ടി മുതലാളിയാവുമ്പോൾ

പി.എസ്.കുമാർ

വിപ്ലവകക്ഷിയെന്നോ തൊഴിലാളികക്ഷിയെന്നോ ഒക്കെ അറിയപ്പെട്ടിരുന്ന, ഇപ്പോഴും അങ്ങിനെയൊക്കെത്തന്നെ അറിയപ്പെടാൻ അങ്ങേയറ്റം ആഗ്രഹിക്കുന്ന, നമ്മുടെ കേരളത്തിലെ മാർക്സിസ്റ്റ്പാർട്ടി ഒരു ഒന്നാംതരം കച്ചവടസ്ഥാപനമായി അടിത്തറയുറപ്പിച്ചിരിക്കുന്നു എന്നത് കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ കേരളത്തിൽ സംഭവിച്ച ശ്രദ്ധേയമായ സംഭവങ്ങളിൽ ഒന്നാണ്.

അഭിസാരികയ്ക്ക് യൗവ്വനം എന്നപോലെ സമ്പാദിക്കുവാനുള്ള സമയമാണ് ഭരണാധികാരം ലഭിക്കുന്ന നാളുകൾ എന്ന് മാർക്സിസ്റ്റ്പാർട്ടി മനസ്സിലാക്കിയിരിക്കുന്നു എന്നുമാത്രമല്ല ആളുകളെന്തുപറയും എന്നു ചിന്തിച്ചുനിൽക്കാതെ ധൈര്യപൂർവ്വം കച്ചവടം ഉഷാറാക്കാനും അവർ തയ്യാറായി. അതുകൊണ്ടെന്തായി. കഴിഞ്ഞ നാലുവർഷം കൊണ്ട് പാർട്ടി കേരളത്തിലെ ക്രിസ്തീയസഭ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്വകാര്യസ്വത്തുള്ള സ്ഥാപനമായി മാറിക്കഴിഞ്ഞു. (ഭൂമിയിൽ സമ്പത്ത് സ്വരുക്കൂട്ടുന്നതിന് എതിരുനിൽക്കുന്ന വേദപുസ്തകത്തെയും സ്വകാര്യസ്വത്തിനെതിരെ നിൽക്കുന്ന പ്രമാണഗ്രന്ഥങ്ങളെയും ആധാരമാക്കി കെട്ടിപ്പടുത്തിരിക്കുന്ന രണ്ടു പ്രസ്ഥാനങ്ങളാണ് ഇന്ന് ഏറ്റവും കൂടുതൽ സ്വകാര്യസ്വത്തിനുടമകൾ എന്നു ചിന്തിക്കുമ്പോൾ കലികാലവൈഭവം എന്നു കരുതി അടങ്ങുക)

സഭയും പാർട്ടിയും തമ്മിൽ പല പൊരുത്തങ്ങളുമുണ്ട്. രണ്ടും മനുഷ്യമോചനത്തിനുള്ള പാതകളാണ്. രണ്ടിനും കൃത്യമായ ചട്ടക്കൂട്ടുകളും ന്യായാന്യായ പ്രമാണങ്ങളും ലോക്കൽ കമ്മിറ്റി മുതൽ ഹൈക്കമാൻറ് (ഇടവകപ്പള്ളി മുതൽ വത്തിക്കാൻ വരെ) വരെയുള്ള അധികാരഘടനയുമുണ്ട്. ഈ വഴിയിലൂടെയല്ലാതെ മറ്റൊരു വഴിയിലൂടെയും മോചനം സാദ്ധ്യമല്ലെന്ന് രണ്ടും പറയുന്നു.

ഇടവകയിലെ ദരിദ്രനായ വിശ്വാസി എങ്ങനെ ജീവിച്ചാലും കുഴപ്പമില്ല, അവനിൽ നിന്നും കൂടി വീതം വാങ്ങി വികാരിയച്ചന് താമസിക്കാനുള്ള മേട ദശലക്ഷങ്ങൾ ചെലവു ചെയ്ത് പുതുക്കിപ്പണിയണമെന്ന കാര്യത്തിൽ സഭയ്ക്കോ, കൂലിപ്പണിക്കാരൻെറ കൂലിയിൽ നിന്നുകൂടി പങ്കുവാങ്ങി എയർകണ്ടീഷൻ ചെയ്ത ആസ്ഥാനമന്ദിരങ്ങൾ ഉണ്ടാക്കാൻ പാർട്ടിക്കോ ഉളുപ്പുതോന്നുന്നില്ല.

പള്ളിയിൽ വിശ്വസിക്കുന്നവൻ പാർട്ടിയിൽകൂടി വിശ്വസിക്കുന്നത് തെറ്റല്ലെന്നു പള്ളിയും പാർട്ടിയിൽ വിശ്വസിക്കുന്നവൻ പള്ളിയിൽ കൂടി വിശ്വസിക്കുന്നതിൽ തെറ്റില്ലെന്ന് പാർട്ടിയും പരസ്പരധാരണയിലായിരിക്കുന്നു. മെത്രാൻെറ അരമനയിൽ പാർട്ടിനേതാവിനും പാർട്ടി ഓഫീസിൽ മെത്രാനച്ചൻെറ പ്രതിനിധിക്കും പരവതാനിവിരിച്ച സ്വീകരണം ലഭിക്കുന്നു. പള്ളികൾക്കപ്പുറമെ പള്ളിക്കൂടങ്ങളും ആശുപത്രികളും നടത്തി സഭ വികസിച്ചതിൽ നിന്നും പാഠമുൾക്കൊണ്ട് പാർട്ടി മുന്നേറുകയാണ്.

ഭരണത്തിലിരിക്കുന്നവൻെറ അധികാരം സമ്പത്താക്കിമാറ്റുന്നത് എത്ര എളുപ്പമാണെന്നു കണ്ടെത്തിയതിൻെറ ലഹരിയിൽ പറ്റാവുന്ന എല്ലാ മേഖലയിലും നങ്കൂരമുറപ്പിക്കുകയാണ് പാർട്ടി. പിരിക്കേണ്ട നികുതികൾ പിരിക്കാതിരിക്കുന്നതിന്, അന്വേഷണം ഊർജ്ജിതപ്പെടുത്തേണ്ട കേസ്സുകൾ അന്വേഷിക്കാതിരിക്കുന്നതിന്, ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങൾക്ക്, മായം ചേർത്ത കള്ളുവില്ക്കുന്നതിനിടയിൽ റെയ്ഡ് നടത്താതിരിക്കുന്നതിന്______എന്നിങ്ങനെ എന്തിനും കമ്മീഷൻ വാങ്ങി പാർട്ടി കൊഴുക്കുകയാണ് - പത്രമായി, ടി.വി. ചാനലായി, പാർട്ടിമന്ദിരങ്ങളായി തൊഴിലാളിവർഗ്ഗത്തിൻെറ പാർട്ടി കേരളത്തിലെ ഏറ്റവുമധികം മൂലധനം മുടക്കുന്ന സംരംഭങ്ങളുടെ മുതലാളിയാവുകയാണ്.

സർക്കാരിനു ലഭിക്കേണ്ട കുറേ കോടി രൂപയുടെ നികുതി ഒരു സുപ്രഭാതത്തിൽ സർക്കാരങ്ങ് എഴുതിത്തള്ളുന്നു. അതിനുമുമ്പേ നികുതി അടയ്ക്കേണ്ടവരുമായി പാർട്ടി ഒരു ധാരണയുണ്ടാക്കുന്നു; നിങ്ങൾ സർക്കാരിലേക്കടെക്കാൻ കടിശ്ശികയുള്ള തുകയുടെ പകുതി (അല്ലെങ്കിൽ അതിനടുത്ത്) വരുന്ന തുക പാർട്ടിക്കോ പാർട്ടിയുടെ ഏതെങ്കിലും സംരംഭത്തിനോ സംഭാവന ചെയ്യുക. അത്രയും ചെയ്താൽ അയാളുടെ കടിശ്ശിക കിട്ടാക്കടമായി എഴുതിത്തള്ളപ്പെടുന്നു. 10 കോടി സർക്കാരിലടക്കേണ്ടവൻ 5 കോടി പാർട്ടിക്കു കൊടുത്ത് 5 കോടി ലാഭിക്കുന്നു. 5 കോടി പാർട്ടിക്കു ലാഭം, 5 കോടി അയാൾക്കു ലാഭം. 10 കോടി സർക്കാരിനു നഷ്ടം.

അബ്കാരി കോൺട്രാക്ടുകാരൻ ഭരണകക്ഷിക്ക് എന്തിനാണ് ദശലക്ഷങ്ങൾ സംഭാവന നൽകുന്നത്? അയാളെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ ഒന്നും നടക്കാതിരിക്കാൻ. അതായത് ഒരു ഭരണകൂടം അതിൻെറ ചുമതലയും കടമയും നിർവ്വഹിക്കാതിരിക്കാനുള്ള കൈമണിയാണത്. അബ്കാരികളിൽ നിന്നും ഏറ്റവുമധികം പിരിവെടുത്ത സർക്കാർ ഏതാണെന്ന് ഇന്ന് കൊച്ചുകുട്ടിക്കുപോലുമറിയാമല്ലോ.

കോൺഗ്രസ്സ് ഭരണകാലത്ത് നേതാക്കൾ സ്വന്തം നിലയിൽ പണം വാങ്ങിയും മുൻ ഇടതുപക്ഷമന്ത്രിസഭകളുടെ കാലത്ത് പാർട്ടി അനുഭാവിത്വം നോക്കിയും ചെയ്തുകൊടുത്തിരുന്ന ആനുകൂല്യങ്ങൾ ഇന്ന് നിശ്ചിത താരിഫ്റേറ്റ് പാർട്ടിക്കു നൽകി ആർക്കും നേടിയെടുക്കാവുന്ന ആനുകൂല്യങ്ങളായി ജനാധിപത്യവൽക്കരിക്കപ്പെട്ടിരിക്കുന്നു.

ആന്ധ്രയിൽ ചന്ദ്രബാബുനായിഡു നൂറു കമ്പ്യൂട്ടർവെച്ചെന്നും പറഞ്ഞ് അങ്ങേരെ പുതിയ യുഗത്തിൻെറ ഭരണസാരഥിയായി കൊണ്ടുനടക്കുന്ന മാധ്യമങ്ങൾ നമ്മുടെ പാർട്ടിയുടെ ഈ പുരോഗതി കാണാത്തതാണ് അത്ഭുതം. ഇക്കണക്കിന് പോയാൽ അടുത്തുതന്നെ കേരളം മൊത്തം വിലപറഞ്ഞെടുക്കാൻ മാർക്സിസ്റ്റുപാർട്ടിക്ക് കഴിഞ്ഞേക്കുമെന്ന് ഒരു പ്രമുഖ കോൺഗ്രസ്സ്നേതാവ് പറഞ്ഞത് ശരിതന്നെയെന്ന് പറയാം.

പത്രത്തിനും ടി.വി. ചാനലിനും ടൂറിസം കേന്ദ്രങ്ങൾക്കും പുറമെ എന്തൊക്കെയാവും പാർട്ടിയുടെ അടുത്ത പദ്ധതികളെന്ന് അത്ഭുതപ്പെടുകയാണ് ജനം. എന്തായാലും, പാർട്ടിയെ വളർത്തി ഇന്നത്തെ നിലയിലെത്തിച്ച സാധാരണ തൊഴിലാളിക്ക്, അടച്ചുപൂട്ടിയും ലോക്കൗട്ടായും കിടക്കുന്ന വ്യവസായസ്ഥാപനങ്ങളിൽ നിന്ന് പുറത്തായി ജീവിതം വഴിമുട്ടിപ്പോയ തൊഴിലാളികൾക്ക്, തൊഴിലവസരം നൽകുന്ന ഒന്നും അതിലുണ്ടാവാനിടയില്ലെന്നുറപ്പ്.